No. of Printed Pages : 7

# 9003

Register Number | | | | | | |

# Language — Part I — MALAYALAM

Time : 3.00 Hours ] [ Maximum Marks : 90

**നിർദ്ദേശങ്ങൾ :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനു വേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പം ഉണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷി ഉപയോഗിച്ചായിരിക്കണം.

## ഭാഗം - I

**എല്ലാ** ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **14x1=14**

Choose the right answer and answer **all** the questions.

**1.** 'സഖിമാരിലധികം വിശ്വസിച്ചീടെന്നെ' – ഇങ്ങനെ ദമയന്തിയോട് പറഞ്ഞതാര് ?

(a) ഹംസം (b) നളൻ (c) കമലജൻ (d) തോഴിമാർ

**2.** മലയാളത്തിൽ ആധുനിക കവിതയ്ക്ക് തുടക്കം കുറിച്ച കവികളിൽ പ്രമുഖൻ ?

(a) ജി. ശങ്കരക്കുറുപ്പ് (b) ഡോ. കെ. അയ്യപ്പപ്പണിക്കർ

(c) സച്ചിദാനന്ദൻ (d) എഴുത്തച്ഛൻ

**3.** സഞ്ജയന്റെ വാക്കുകൾ കേട്ട് മോഹാലസ്യപ്പെട്ടു വീണതാര് ?

(a) ഗാന്ധാരി (b) കുന്തി (c) ധൃതരാഷ്ട്രർ (d) വിദുരർ

**4.** 'സമാനഹൃദയ, നിനക്കായ് പാടുന്നേൻ' എന്ന കവിത ഏതു സമാഹാരത്തിൽ നിന്നും എടുത്തതാണ് ?

(a) അമ്പലമണി (b) മുത്തുച്ചിപ്പി

(c) പാവം മാനവഹൃദയം (d) രാത്രിമഴ

5. ഭാഷണ പ്രക്രിയയിൽ കേൾക്കുന്നയാൾ വഹിക്കുന്ന സ്ഥാനം ?

(a) സങ്കേതനം (b) ഉത്ഭവസ്ഥാനം

(c) വിസങ്കേതനം (d) പ്രാപ്യസ്ഥാനം

6. ഭീഷ്മരുടെ മാതാവ് :

(a) ലക്ഷ്മി (b) സരസ്വതി (c) ഗംഗ (d) പാർവ്വതി

7. 'ഹരിതജാഗരണം' എന്ന ലേഖനം എഴുതിയതാര് ?

(a) ഡോ. ഖദീജ മുംതാസ് (b) പി.എൻ. ദാസ്

(c) അജയ് പി മങ്ങാട്ട് (d) ഡോ. ടി. ശ്രീവത്സൻ

8. കടംകഥകളുടെ മുഖ്യമായ ധർമ്മം എന്ത് ?

(a) സന്തോഷം (b) വിജ്ഞാനം (c) ആശ്വാസം (d) വിനോദം

9. കഥയില്ലാത്തത് എന്ന കഥ എഴുതിയതാര് ?

(a) വൈക്കം മുഹമ്മദ് ബഷീർ (b) സാറാ ജോസഫ്

(c) പി. കേശവദേവ് (d) ഒ.വി. വിജയൻ

10. കടൽത്തീരത്ത് എന്ന കഥയിലെ കഥാപാത്രം :

(a) നജ്മ (b) ശംബൂകൻ

(c) പോൾ വർഗ്ഗീസ് (d) വെള്ളായിയപ്പൻ

11. 'തഭജം ജഗംഗം' എന്ന ഗണവ്യവസ്ഥ വരുന്ന വൃത്തം :

(a) വസന്തതിലകം (b) ഇന്ദ്രവജ്ര (c) രഥോദ്ധത (d) ഉപേന്ദ്രവജ്ര

12. ചേർച്ചയില്ലാത്ത രണ്ടിനെ ചേർത്തു ചൊല്ലുന്ന അലങ്കാരം :

(a) ഉപമ (b) വിഷമം (c) ഉൽപ്രേക്ഷ (d) ഉല്ലേഖം

13. 'ദ്യോവ് ' എന്ന പദത്തിന്റെ അർത്ഥം :

(a) രാജ്യം (b) പൂവ് (c) ആകാശം (d) കൊട്ടാരം

14. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത് ?

(a) പാന്ഥർ (b) പാന്തർ (c) പാന്ദർ (d) പാന്ധർ

## ഭാഗം - II

### വിഭാഗം - 1

**ഏതെങ്കിലും മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **3x2=6**

Answer **any three** questions.

**15.** ''നാൾവഴി പുസ്തകത്തിൽ കൂടി വരുന്ന ചെലവും
കൂടാതെ നിൽക്കുന്ന വരവും
പൊരുത്തപ്പെടുത്താൻ ശ്രമിച്ച് വശം കെടുക മാത്രം''

(a) ഏതു പദ്യത്തിലെ വരികളാണിവ ?

(b) ഇത് എഴുതിയ കവി ആരാണ് ?

**16.** ''പുലർ സമയമടുത്തൂ കോസലത്തിങ്കൽ നിന്ന-
ക്കുലപതിയുമണഞ്ഞൂ രാമസന്ദേശമോടും''

(a) ഏതു പദ്യത്തിലെ വരികളാണിവ ?

(b) ഇതെഴുതിയ കവി ആര് ?

**17.** ഉണ്ണായി വാര്യരെ കുറിച്ചെഴുതുക.

**18.** കുമാരനാശാന്റെ ഏതെങ്കിലും രണ്ട് കൃതികളുടെ പേരെഴുതുക.

### വിഭാഗം - 2

**ഏതെങ്കിലും രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക. **2x2=4**

Answer **any two** questions.

**19.** അഗാധ പാരിസ്ഥിതികാവബോധം ഉണ്ടാകുന്നതെങ്ങനെ ?

**20.** ആശയ വിനിമയത്തിൽ അടങ്ങിയിരിക്കുന്ന രണ്ടു വ്യത്യസ്ത ഘടകങ്ങൾ ഏവ ?

**21.** വായന നൽകുന്ന ആത്മവിശ്വാസം എന്ത് ?

## വിഭാഗം - 3

**ഏതെങ്കിലും ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക. 7x2=14

Answer **any seven** questions.

**22.** ഏതെങ്കിലും രണ്ട് പഴഞ്ചൊല്ല് എഴുതുക.

**23.** ഉപമാലങ്കാരത്തിന്റെ ലക്ഷണമെഴുതുക.

**24.** ഏതെങ്കിലും രണ്ടു ശൈലി എഴുതുക.

**25.** പിരിച്ചെഴുതുക.

(i) ഉടയാട

(ii) വാഴപ്പഴം

**26.** വാക്യത്തിൽ പ്രയോഗിക്കുക.

(i) സർവ്വോപരി

(ii) ഉന്മൂലനാശം

**27.** ചേർത്തെഴുതുക.

(i) മടക്കി + എടുത്തു

(ii) ഉണങ്ങി + കരിഞ്ഞു

**28.** വാക്യദോഷം പരിഹരിക്കുക

(i) അവൻ എന്റെകൂടെ പഠിച്ച സഹപാഠിയാണ്.

(ii) ഇന്നോ അഥവാ നാളെയോ അദ്ദേഹം വരും.

**29.** ഒറ്റപ്പദമാക്കുക

(i) സുഖവും ദുഃഖവും

(ii) നളന്റെ നഗരം

**30.** എതിർലിംഗമെഴുതുക

(i) വധു

(ii) തോഴൻ

## ഭാഗം - III

### വിഭാഗം - 1

**ഏതെങ്കിലും രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**

Answer **any two** questions.

**31.** എപ്രകാരമാണ് ഹംസം ദമയന്തിയെ കളിയാക്കിയത് ?

**32.** വേനൽക്കാലത്ത് വൃക്ഷങ്ങൾക്കും കായ്കനികൾക്കും സംഭവിക്കുന്ന മാറ്റങ്ങൾ എഴുതുക.

**33.** സീത ലോകം വെടിഞ്ഞത് എപ്രകാരമാണ് ?

**34.** 'എൻ മിഴി നനയുമിവയ്ക്കായ് ...' – കവിയുടെ മിഴി നനയ്ക്കുന്ന കാഴ്ചകളെന്തൊക്കെയാണ് ?

### വിഭാഗം - 2

**ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**

Answer **any two** questions.

**35.** എന്താണ് സംഗീതത്തിന്റെ മാനസിക ചിത്രം ?

**36.** ശാന്തനു ദേവവ്രതനോടു പറഞ്ഞ ദുഃഖകാരണമെന്ത് ?

**37.** 'ഇത്തിൾക്കണ്ണി' എന്ന ശൈലിയുടെ ആശയം വ്യക്തമാക്കുക.

**38.** നല്ല പുസ്തകങ്ങളെയും ചീത്ത പുസ്തകങ്ങളെയും പറ്റി ലേഖകൻ പറയുന്നത് എന്തെല്ലാമാണ് ?

### വിഭാഗം - 3

**ഏതെങ്കിലും മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **3x4=12**

Answer **any three** questions.

**39.** നിങ്ങളെ ഏറ്റവുമധികം ആകർഷിച്ച ഒരു സിനിമയെക്കുറിച്ച് സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക.

**40.** 'വിദ്യാർത്ഥികളും വിനോദയാത്രയും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

**41.** യോജിപ്പിക്കുക

(i) ഹംസദൗത്യം - ജി. ശങ്കരക്കുറുപ്പ്

(ii) പകലറുതിക്കു മുമ്പ് - സച്ചിദാനന്ദൻ

(iii) അമ്മ - ഉണ്ണായി വാര്യർ

(iv) പെരുന്തച്ചൻ - എൻ.എൻ. കക്കാട്

**42.** താഴെ കൊടുത്തിരിക്കുന്ന വരികളുടെ ആശയം സ്വന്തം വാക്യത്തിലെഴുതുക.

‘‘നാലുനാൾ ചെല്ലും മുൻപു
പൊങ്ങി മറ്റൊരു പാവ,
നാട്ടുകാരുടെ നാവി-
ലവന്റെ പേരോടൊപ്പം
തുപ്പുവാൻ ഭാവിച്ചുകൊ-
ണ്ടെൻ പാവ പൊങ്ങുമ്പോഴേ-
ക്കപ്പുറത്തവന്റേതിൻ
കൈനീളും പതുക്കനെ
വാതുറക്കുമ്പോഴേക്കും
ചെകിടത്തടി വീഴും;
വാശിയാലടിയെനി-
ക്കേറ്റതുപോലെ തോന്നി’’

**43.** കേകാ വൃത്തത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക.

## ഭാഗം - IV

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 3x6=18

Answer **all** the questions.

**44.** (a) ഹംസവും ദമയന്തിയും തമ്മിലുള്ള സംഭാഷണം സ്വന്തം വാക്യത്തിലെഴുതുക.

**അല്ലെങ്കിൽ**

(b) സച്ചിദാനന്ദന്റെ 'അമ്മ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**45.** (a) ശ്രീരാമന്റെയും ഭീഷ്മരുടെയും പ്രതിജ്ഞകളെ ലേഖകൻ എപ്രകാരമാണ് താരതമ്യം ചെയ്യുന്നത് ?

**അല്ലെങ്കിൽ**

(b) 'യഥാർത്ഥ ഡോക്ടർമാർ നീതിയുടെ കാവൽക്കാരാണ്'' എന്ന ലേഖികയുടെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

**46.** (a) 'ഭൂമിയുടെ അവകാശികൾ' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(b) 'മാപ്പ് ' എന്ന കഥ ചുരുക്കി എഴുതുക.

## ഭാഗം - V

**47.** പദ്യഭാഗം പൂരിപ്പിക്കുക. 1x6=6

Complete the Poem.

(a) ''എനിക്കാവതില്ലേ പൂക്കാതിരിക്കാൻ

.........................................................

പ്പതുക്കെ പ്രഭാതം ചിരിക്കാൻ ശ്രമിക്കും.''

**അല്ലെങ്കിൽ**

(b) ''ജ്ഞാനിയായുള്ള വിദുരരതുനേരം

.........................................................

ശോഭനമായുള്ള വാക്കുകളോരോന്നേ.''

**- o O o -**